"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജില്ലാ ജുഡീഷ്യറി - ഡയബറ്റിക് റെറ്റിനോപ്പതി മൂലമുണ്ടായ ഡിസബിലിറ്റി പരിഗണിച്ച് കൊണ്ട് ജുഡീഷ്യറി വകുപ്പിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലുള്ള ശ്രീ. റോയ് വി. ജെയിംസിനെ, പാലാ അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി/MACT-ൽ ഓഫീസ് അറ്റൻഡന്റ് കേഡറിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് സർവ്വീസിൽ നിലനിർത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.139/2026/HOME    തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-

1. 19.08.2024 തീയതിയായി ശ്രീ. റോയ് വി. ജെയിംസ് സമർപ്പിച്ച അപേക്ഷ.
2. ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറുടെ 12.12.2024 ലെ HCKL/5963/2024-C1-HC KERALA നമ്പർ കത്ത്.
3. WP(C)നം.41388/2024 എന്ന ഹർജിയിന്മേൽ ബഹു. ഹൈക്കോടതിയുടെ 07.07.2025 തീയതിയിലെ വിധിന്യായം.
4. 02.08.2025 ലെ സ.ഉ.(സാധാ)നം.2612/2025/ആഭ്യന്തരം ഉത്തരവ്.
5. ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗം രജിസ്ട്രാറുടെ 18.10.2025 ലെ HCKL/5963/2024-C1-HC KERALA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നേത്ര സംബന്ധമായ പ്രശ്നങ്ങൾ കാരണം ഡ്രൈവിംഗ് ജോലികൾ ചെയ്യാൻ കഴിയാത്തതിനാൽ, ഡ്രൈവർ തസ്തിക ഒഴികെയുള്ള മറ്റേതെങ്കിലും തസ്തികയിലേക്ക് മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പാലാ അഡീഷണൽ ഡിസ്ട്രിക്ട് കോർട്ട്/MACT-ലെ സെലക്ഷൻ ഗ്രേഡ് ഡ്രൈവറായ ശ്രീ. റോയ് വി. ജെയിംസ് നൽകിയ അപേക്ഷയുടെയും തുടർന്ന് ടിയാൻ ഇതേ ആവശ്യം ഉന്നയിച്ച് കൊണ്ട് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)നം.41388/2024 എന്ന ഹർജിയിന്മേൽ ബഹു. ഹൈക്കോടതി 07.07.2025 ന് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ കൂടി അടിസ്ഥാനത്തിൽ, പരാമർശം (4) ഉത്തരവ് പ്രകാരം, ശ്രീ. റോയ് വി. ജെയിംസിനെ 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിലെ സെക്ഷൻ 20(4)-ലെ വ്യവസ്ഥ പ്രകാരം ഡ്രൈവർ തസ്തികയിൽ നിന്ന് ജുഡീഷ്യൽ വകുപ്പിലെ അനുയോജ്യമായ മറ്റേതെങ്കിലും തസ്തികയിലേക്ക് മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

2. ശ്രീ. റോയ് വി. ജെയിംസ് എസ്.എസ്.എൽ.സി (SSLC)

പാസായിട്ടില്ലാത്തതിനാൽ, 2024 ലെ കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ പ്രകാരം ടിയാൻ ക്ലാർക്ക്, അമീൻ, അറ്റൻഡർ, പ്രോസസ്സ് സെർവർ എന്നീ തസ്തികകളിലെ നിയമനത്തിന് അർഹനല്ലെന്നും, കൂടാതെ പ്രോസസ്സ് സെർവർ, കോർട്ട് കീപ്പർ/ദഫേദാർ എന്നീ തസ്തികകളിലെ ജോലിയിൽ ധാരാളം യാത്രകളും ഫീൽഡ് ഡ്യൂട്ടികളും ഉൾപ്പെടുന്നതിനാൽ, കാഴ്ചപരിമിതിയുള്ള ഒരാൾക്ക് അത്തരം തസ്തികകൾ അനുയോജ്യമായിരിക്കില്ലെന്നും പ്രസ്തുത സാഹചര്യത്തിൽ, ശ്രീ. റോയ് വി. ജെയിംസിനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിക്കുന്നതായിരിക്കും അനുയോജ്യമെന്ന് ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി വിഭാഗം രജിസ്ട്രാർ പരാമർശം (5) കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. അതോടൊപ്പം, സെലക്ഷൻ ഗ്രേഡ് ഡ്രൈവറുടെ ശമ്പള സ്കെയിൽ ₹39,300-83,000 ആണെന്നും 01.09.2025-തീയതിയിൽ ടി ജീവനക്കാരൻ കൈപ്പറ്റിയ അടിസ്ഥാന ശമ്പളം ₹55,200 ആയിരുന്നുവെന്നും, എന്നാൽ ഓഫീസ് അറ്റൻഡന്റിന്റെ ശമ്പള സ്കെയിൽ ₹23,000-50,200 ആണെന്നും 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിലെ സെക്ഷൻ 20(4) അനുസരിച്ച്, സർവ്വീസ് കാലയളവിൽ ഭിന്നശേഷിയുണ്ടാകുന്ന ഒരു ജീവനക്കാരനെ അതേ ശമ്പള സ്കെയിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റണമെന്ന് നിഷ്കർഷിക്കുന്നതിനാൽ, അദ്ദേഹത്തെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പരിഗണിക്കാൻ കഴിയാത്തതിനാൽ ടിയാന്റെ നിലവിലെ ശമ്പളം സംരക്ഷിച്ചു കൊണ്ട് പ്രസ്തുത നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് നൽകി കൊണ്ട് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് മാറ്റി നിയമനം നല്കാൻ കഴിയുമോ എന്ന കാര്യത്തിൽ വ്യക്തത വരുത്തുവാനും ഹൈക്കോടതി രജിസ്ട്രാർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. KL5690319720005581 എന്ന UDID ഭിന്നശേഷി സർട്ടിഫിക്കറ്റ് പ്രകാരം, ശ്രീ. റോയ് വി. ജെയിംസിന് ഇരു കണ്ണുകളിലും advanced proliferative diabetic retinopathy, വലതു കണ്ണിൽ Tractional Retinal Detachment, ഇടതു കണ്ണിൽ Constricted visual field എന്നിവ ബാധിച്ചിരിക്കുകയാണെന്നും ടിയാന് 50% ഭിന്നശേഷിയുണ്ടെന്നും മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സേവന കാലയളവിൽ ഭിന്നശേഷിത്വം സംഭവിച്ച ഒരു ജീവനക്കാരനെ പിരിച്ചുവിടുകയോ സർവീസിൽ തരംതാഴ്ത്തുവാനോ പാടില്ലാത്തതും പ്രസ്തുത ജീവനക്കാരൻ നിലവിലെ തസ്തികയ്ക്ക് അനുയോജ്യമല്ലെങ്കിൽ അതേ ശമ്പള സ്കെയിലും സർവീസ് ആനുകൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് മറ്റൊരു തസ്തികയിലേക്ക് നിയമനം നൽകേണ്ടതും അപ്രകാരം ജീവനക്കാരനെ മറ്റൊരു തസ്തികയിൽ ക്രമീകരിക്കുന്നത് സാധ്യമല്ലെങ്കിൽ അനുയോജ്യമായ തസ്തിക ലഭിക്കുന്നതുവരെ അല്ലെങ്കിൽ വിരമിക്കുന്ന പ്രായം എത്തുന്നതുവരെ സൂപ്പർന്യൂമററി തസ്തികയിൽ തുടരാൻ അനുവദിക്കണമെന്നും 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിലെ സെക്ഷൻ 20(4) -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. പ്രസ്തുത സാഹചര്യത്തിൽ ഡയബറ്റിക് റെറ്റിനോപ്പതി മൂലമുണ്ടായ ഡിസബിലിറ്റി പരിഗണിച്ച് കൊണ്ട് ജുഡീഷ്യറി വകുപ്പിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലുള്ള ശ്രീ. റോയ് വി. ജെയിംസിനെ, അനുയോജ്യമായ ഒരു സ്ഥിരം തസ്തിക ലഭ്യമാകുന്നതുവരെയോ അല്ലെങ്കിൽ അദ്ദേഹം വിരമിക്കുന്നതുവരെയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ, 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ

നിയമത്തിലെ സെക്ഷൻ 20(4) പ്രകാരം നിലവിലെ ശമ്പളാനുകൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട്, പാലാ അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി/MACT-ൽ ഓഫീസ് അറ്റൻഡന്റ് കേഡറിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് സർവ്വീസിൽ നിലനിർത്തുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (കവറിംഗ് ലെറ്റർ സഹിതം)
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ.ഇ.) കേരള, തിരുവനന്തപുരം
3. ശ്രീ. റോയ് വി. ജയിംസ്, സെലക്ഷൻ ഗ്രേഡ് ഡ്രൈവർ, അഡീഷണൽ ഡിസ്ട്രിക്ട് കോർട്ട്/MACT, പാല (രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി) മുഖേനെ)
4. പൊതുഭരണ (എസ്.സി) വകുപ്പ് (05.08.2026 ലെ ഇനം.125 പ്രകാരം)
5. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (11.11.2025 ലെ യു.ഒ. നം.ADV-B1/243/2025-PandARD)
6. സാമൂഹ്യനീതി വകുപ്പ് (12.03.2026 ലെ യു.ഒ. നം.SJD-B1/268/2025/SJD)
7. നിയമ വകുപ്പ് (16.04.2026 ലെ യു.ഒ. നം.OPN-E1/146/2026-LAW)
8. ധനകാര്യ വകുപ്പ് (07.07.2026 ലെ യു.ഒ നം.3534381/EXP-D2/157/2026-FIN)
9. വെബ് & ന്യൂമീഡിയ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
10. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Kavitha S
Date: 07-08-2026
11:11:49
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
അഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്